പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2672

21.6.2012-ൽ
മറുപടിക്ക്

## റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ.എം.ഉമ്മർ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) റിവർമാനേജ്മെന്റ് ഫണ്ടുപയോഗിച്ച് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) നദികളുടെ സംരക്ഷണവും നദീതീര വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കി വരുന്നത്. നദികളുടെ തീരങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുക, നദികളിൽ തടയണകൾ നിർമ്മിക്കുക, നദീതീരങ്ങൾ സംരക്ഷിക്കുവാനുതകുന്ന രീതിയിൽ മുള മുതലായ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുക തുടങ്ങിയ പ്രവർത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) നദികളുടെ കുത്തൊഴുക്കിൽ തീരങ്ങൾ ഇടിഞ്ഞുപോകുന്ന സ്ഥലങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ ; | (ബി) പ്രത്യേക പരിഗണന നൽകാറുണ്ട്. |
| (സി) ഇത്തരം പ്രവൃത്തികൾക്ക് ഒരു സ്ഥലത്ത് അനുവദിക്കുന്ന തുകയ്ക്ക് ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ ? | (സി) പരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ